പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 826** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>കൃഷിയിടങ്ങൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ തുരത്താൻ നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും കൃഷിയ്ക്കും ജനങ്ങളുടെ ജീവനും ഭീഷണിയായി പെരുകുന്ന കാട്ടുപന്നികളെ ഫലപ്രദമായി തടയാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാൻ തദ്ദേശ സ്ഥാപന തലത്തിൽ 848 എംപാനൽ ഷൂട്ടർമാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എംപാനൽ ചെയ്യുന്ന ഷൂട്ടർമാരുടെ പ്രവർത്തന പരിധി സംസ്ഥാന തലത്തിൽ വ്യാപിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(ബി)** ഗ്രാമസഭകളുടെയും യുവജനസാംസ്കാരിക സംഘടനകളുടെയും സഹകരണത്തോടെ കാട്ടുപന്നികളെ പിടികൂടുന്നതിനും ഫലപ്രദമായി ഇവയുടെ അതിക്രമം തടയുന്നതിനും കൂടുതൽ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുയർത്തുന്ന സാഹചര്യത്തിൽ, കാട്ടുപന്നികളെ വെടിവെച്ച് കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും അധികാരം നല്കിയിട്ടുള്ളതാണ്.

**(സി)** കാട്ടുപന്നികളുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും കൃഷിനാശം ഉണ്ടായവർക്കും മതിയായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടപരിഹാരം അവസാനമായി പരിഷ്കരിച്ചത് 2015 ലാണ്. ആയത് 100% വർധിപ്പിക്കുന്നതിനും അതോടൊപ്പം മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം 25% വർധിപ്പിക്കുന്നതിനും തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**